(ബി) ഇത് സംബന്ധിച്ച് ചീഫ് ടെക്നിക്കൽ എക്സാമിനർ എത്ര തവണ വിശദീകരണം ആവശ്യപ്പെട്ടിരുന്നു; ഇത് സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) പൊതുമരാമത്ത്, ധനകാര്യം, ചീഫ് ടെക്നിക്കൽ എക്സാമിനർ തുടങ്ങിയ വകുപ്പുകളിൽ വിശദീകരണം ചോദിച്ചും മറുപടി നൽകിയും നിർമ്മാണ പ്രവർത്തനങ്ങളിൽ സൃഷ്ടിക്കപ്പെടുന്ന കാലതാമസം പരിഹരിക്കുന്നതിനായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ഈ റോഡിന്റെ നിർമ്മാണത്തിനായി 11-2-2014-ൽ ഭരണാനുമതിയും 14-2-2014-ൽ സാങ്കേതികാനുമതിയും നൽകിയിരുന്നു. ഈ പ്രവൃത്തി 3 പ്രാവശ്യം ടെണ്ടർ ചെയ്തെങ്കിലും കരാറുകാരിൽ നിന്നും പ്രതികരണമുണ്ടാകാത്തതിനാൽ ക്വട്ടേഷൻ ക്ഷണിക്കുകയുണ്ടായി. 24-1-2015-ന് ക്വട്ടേഷൻ സർക്കാരിൽ ലഭിച്ചു. ഏറ്റവും കുറഞ്ഞ നിരക്ക് കോട്ട് ചെയ്തിരിക്കുന്നത് എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 55% ഉയർന്ന തുകയ്ക്കാണ്. ഇതിന് അനുമതി നൽകുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ടെൻഡർ കമ്മിറ്റിയുടെ അംഗീകാരം ആവശ്യമാണ്. ഫയൽ സമർപ്പിച്ചപ്പോൾ ചീഫ് ടെക്നിക്കൽ എക്സാമിനർ 30-3-2015-ൽ LMR. Technical Sanction ഇവ സംബന്ധിച്ച ചില വിശദീകരണങ്ങൾ ചീഫ് എഞ്ചിനീയറിൽ നിന്നും ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നു. ഇത് ലഭ്യമാക്കി എത്രയും പെട്ടെന്ന് ക്വട്ടേഷന് അംഗീകാരം നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) നിയമപരമായ നടപടിക്രമങ്ങൾ പാലിക്കുന്നതിന് അനിവാര്യമായ കാലതാമസം ഇക്കാര്യത്തിൽ ഉണ്ടാകുന്നുണ്ട്. എന്നാൽ നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിൽ നടപ്പിലാക്കുന്നതിന് എല്ലാ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

ആയൂർ - ഇത്തിക്കര റോഡ് നിർമ്മാണം

224 (3975) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചടയമംഗലം മണ്ഡലത്തിലെ ആയൂർ - ഇത്തിക്കര റോഡ് ബി.എം. & ബി.സി. പ്രകാരം നിർമ്മാണത്തിന് ഭരണാനുമതി നൽകുമോ ; ഇതിനുവേണ്ടിയുള്ള എസ്റ്റിമേറ്റ് നിലവിലുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ആയൂർ-ഇത്തിക്കരറോഡ് 5/000 മുതൽ 15/000 വരെയുള്ള ഭാഗം 13,75,00,000 രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി 3-2-2015-ൽ ചീഫ് എഞ്ചിനീയർ സമർപ്പിച്ചിരുന്നു. എന്നാൽ 2014-15 സാമ്പത്തിക വർഷത്തിലെ ഫണ്ടിന്റെ അപര്യാപ്തത നിമിത്തം പ്രസ്തുത എസ്റ്റിമേറ്റിന് ഭരണാനുമതി നൽകാൻ കഴിഞ്ഞിട്ടില്ല.

വയനാട് ചുരം റോഡിന് സമാന്തരമായുള്ള ബൈപ്പാസ് നിർമ്മാണ പ്രവർത്തനങ്ങൾ

225 (3976) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ചുരം റോഡിന് സമാന്തരമായുള്ള ബൈപ്പാസ് നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് അവസ്ഥയിലാണ്;

(ബി) പ്രസ്തുത പദ്ധതി തുടർന്നുകൊണ്ടുപോകാൻ സാധിക്കും എന്ന് കരുതുന്നുണ്ടോ ; എങ്കിൽ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയും.എന്നാണ് കരുതുന്നത്?

ഉത്തരം

(എ) 2012-13-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച വയനാട് ചുരം റോഡിന് സമാന്തര ബൈപ്പാസിന്റെ നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

(ബി) ഈ പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കായി 56.50 ലക്ഷം രൂപയുടെ ഭരണാനുമതിയും പ്രത്യേകാനുമതിയും 19-3-2013-ലെ സ.ഉ. (സാധാ) നമ്പർ 381/2013/പൊ.മ.വ. പ്രകാരം നൽകിയിട്ടുണ്ട്. കൂടാതെ, ഈ പ്രവൃത്തി സർക്കാരിന്റെ സ്പീഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പരിസ്ഥിതി ദുർബ്ബല പ്രദേശത്തിലൂടെയും, വനഭൂമിയിലൂടെയും പാത കടന്നുപോകുന്നതിനാൽ, ഈ റോഡിന്റെ സാധ്യതാപഠനവും, വനഭൂമിയുടെ ഏരിയൽ സർവ്വേയും നടത്തി, വിശദമായ പദ്ധതി റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. പദ്ധതി റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly